## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*254** **08.05.2017 ൽ മറുപടിയ്ക്ക്**

**ഹാരിസൺസ്, ടി.ആർ.&ടി. തുടങ്ങിയ കമ്പനികളും വ്യക്തികളും കയ്യേറിയ ഭൂമി**

**ചോദ്യം**
**ശ്രീമതി.വീണാ ജോർജ്ജ്**
**ശ്രീ.എ. എൻ. ഷംസീർ**
**ശ്രീ.എസ്.രാജേന്ദ്രൻ**
**ശ്രീ.സി. കെ. ശശീന്ദ്രൻ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഹാരിസൺസ്, ടി.ആർ.&ടി. തുടങ്ങിയ കമ്പനികളും വ്യക്തികളും നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരികെ പിടിക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടുകളിലെ മുഖ്യകണ്ടെത്തലുകൾ എന്തൊക്കെയാണ്; | (എ) ഹാരിസൺസ്, ടി.ആർ.&ടി. തുടങ്ങിയ കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചുവരുന്ന സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് നിയോഗിച്ച സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ 04.06.16, 24.9.2016 തീയതികളിൽ സമർപ്പിച്ച റിപ്പോർട്ടുകളിലെ പ്രധാന കണ്ടെത്തലുകൾ ചുവടെ കൊടുക്കുന്നു.<br>കേരള ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ കമ്പനികൾക്ക് ബാധകമാണ്. കമ്പനി കൈവശം വച്ചുവരുന്ന ഭൂമികൾ കേരള ഭൂസംരക്ഷണ നിയമം വിശദീകരണം 1&1 എയുടെ പരിധിയിൽ വരുന്നതാണ്. ഹാരിസൺസ് മലയാളം കമ്പനി കൈവശം വച്ച് വരുന്ന ഭൂമിയുടെ മുൻ കൈവശക്കാരായ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് എന്ന കമ്പനി ഇംഗ്ലണ്ടിൽ രജിസ്റ്റർ ചെയ്ത വിദേശ കമ്പനിയാണ്. ടി ഭൂമി ഗ്രാന്റുകൾ, ലീസുകൾ എന്നിവ പ്രകാരം ഫ്രീ ഹോൾഡ്, ലീസ് ഹോൾഡ് എന്ന നിലയിൽ പ്രസ്തുത വിദേശ കമ്പനി കൈവശം വച്ച് വന്നിരുന്നതും ജന്മാവകാശം ഇല്ലാതിരുന്നതുമാണ്. വിദേശ കമ്പനി കെ.എൽ.ആർ ആക്ടിന്റെ സെക്ഷൻ 2(43) പ്രകാരമുള്ള "person" എന്ന നിർവ്വചനത്തിൻ വരാത്തതാണ്. ആയതിനാൽ ടി വിദേശ കമ്പനി കാർഷിക കുടിയാൻ എന്ന നിർവ്വചനത്തിലും വരുന്നില്ല. ടി ഭൂമികൾ കെ.എൽ.ആർ,ആക്ട് സെക്ഷൻ 51 എ, 51ബി, 72(1), 86 & 86(4) എന്നിവ പ്രകാരം സർക്കാരിലേക്ക നിക്ഷിപ്തമാകുന്നവയാണ്.<br>ട്രാവൻകൂർ റബ്ബർ & ടീ യും അനുബന്ധ കമ്പനികളും കൈവശം വയ്ക്കുന്ന ഭൂമികൾ നിയമാനുസൃതം കൈമാറിക്കിട്ടിയവ അല്ല. വിദേശ കമ്പനികളുടെ പേരുകൾ കമ്പനി നിയമപ്രകാരം നിലവിലെ കൈവശക്കാരുടെ പേരുകൾ ചേർത്ത് രജിസ്റ്റർ ചെയ്തിരിക്കുന്നതായി കാണുന്നു. വഞ്ചിപ്പുഴ ഇടവകയുടെ കൈവശമായിരുന്നതും 1955-ലെ |

| | | |
|---|---|---|
| | | ഇടവക റൈറ്റ്സ് അക്വിസിഷൻ ആക്ട് പ്രകാരം സർക്കാർ പൊന്നും വിലക്കെടുത്തതുമായ ഭൂമി സർക്കാരിലേക്ക് മുതൽ കൂട്ടിയിട്ടില്ലാത്തതും അവ ടി ആർ &ടിയും അനുബന്ധ കമ്പനികളും അനധികൃതമായി കൈവശം വച്ചനുഭവിച്ചുവരികയും ചെയ്യുന്നു. 1947-ലെ ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ടിലെയും, FERA നിയമത്തിലെയും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് ബിനാമി കമ്പനികളിലൂടെ സർക്കാർ ഭൂമി കൈവശം വച്ച് വരുന്നതായും വരുമാനം വിദേശത്തേക്ക് കടത്തുന്നതായും സ്പെഷ്യൽ ഓഫീസറുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | വ്യാജ ആധാരം ചമച്ചതിനും ഭൂമി കയ്യേറിയതിനും ഇവർക്കെതിരെയുള്ള കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) വ്യാജ ആധാരം ചമച്ചതിനും ഭൂമി കൈയേറിയതിനും കമ്പനികൾക്കെതിരെ വരന്തരപ്പിള്ളി, എരുമേലി, പെരുവന്താനം എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട നാല് കേസുകൾ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിലേക്ക് കൈമാറിയിട്ടുള്ളതും അന്വേഷണം നടന്നു വരുന്നതുമാണ്. അന്വേഷണം പൂർത്തിയായിട്ടില്ല. |
| (സി) | വിവിധ കമ്പനികളും വ്യക്തികളും കയ്യേറിയ ഭൂമി തിരികെ പിടിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ? | (സി) വിവിധ കമ്പനികളും സ്വകാര്യ വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ കമ്പനികളും വ്യക്തികളും ഫയൽ ചെയ്ത വിവിധ കേസുകളിൽ ബഹു. കേരള ഹൈക്കോടതി തൽസ്ഥിതി തുടരുവാൻ ഉത്തരവിട്ടിട്ടുള്ളതും അവയിൽ തീർപ്പായിട്ടില്ലാത്തതുമാണ്. സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്രമായ ഒരു നിയമ നിർമ്മാണം നടത്തണമെന്ന സ്പെഷ്യൽ ഓഫീസറുടെ ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ